(സി) സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയാണ് കുട്ടികളെ ബാലവേലയ്ക്കയക്കാൻ കുടുംബങ്ങളെ നിർബന്ധിതമാക്കുന്നത് എന്നും കുട്ടികളെ സ്കൂളുകളിലെത്തിച്ച് വിദ്യാഭ്യാസം നൽകി അവരെ ഭാവിയുടെ വരദാനങ്ങളായി വാർത്തെടുക്കാനുള്ള സമഗ്രപദ്ധതി സർക്കാർ ആവിഷ്കരിക്കണമെന്ന ആശയം ചർച്ച ചെയ്തു.

(ഡി) ബാലവേല നിർമ്മാർജ്ജനത്തിനായി തൊഴിൽവകുപ്പിലെ ഉദ്യോഗസ്ഥർ, സംസ്ഥാനത്തെ സാമൂഹികനീതി വകുപ്പിലെ ഉദ്യോഗസ്ഥർ, പോലീസ്, ചൈൽഡ് ലൈൻ എന്നിവർ ജില്ലാ ഭരണകൂടവുമായി ചേർന്ന് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാനും ബാലവേലയ്ക്കെതിരായി സ്റ്റിക്കർ, പോസ്റ്റർ എന്നിവ ഡിസൈൻ ചെയ്ത് സ്കൂളുകൾ, ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യാനുള്ള കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ ബാലവേല വിമുക്തജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് തൊഴിൽവകുപ്പിന്റെ നേതൃത്വത്തിൽ ബാക്കി ജില്ലകളിൽ കൂടി പരിശോധന കർശനമാക്കി ബാലവേല വിമുക്തജില്ലകളായി പ്രഖ്യാപിക്കാനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ചേലക്കര മണ്ഡലത്തിലെ ദേശമംഗലം ഗവ. ഐ.ടി.ഐ.- ക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണം

234 (4520) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ദേശമംഗലം ഗവൺമെന്റ് ഐ.ടി.ഐ.-ക്കു വേണ്ടിയുള്ള കെട്ടിട നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പറയാമോ;

(ബി) കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണങ്ങൾ പറയാമോ;

(സി) എൻ. സി. വി. ടി. മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുവാൻ സമയബന്ധിതമായി കെട്ടിടനിർമ്മാണം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശമംഗലം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്കുവേണ്ടിയുള്ള കെട്ടിട നിർമ്മാണം 4-4-2012-ന് ആരംഭിച്ചു. ടി. കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പണി പൂർത്തിയായിട്ടുണ്ട്. ഭിത്തിയുടെ നിർമ്മാണം, പ്ലാസ്റ്ററിംഗ് എന്നിവ പുരോഗമിക്കുന്നു.

(ബി) ഫണ്ടിന്റെ അപര്യാപ്തത കാരണം കെട്ടിടം പണി ഇടയ്ക്ക് മന്ദഗതിയിൽ ആയിരുന്നുവെങ്കിലും ഇപ്പോൾ പണി പുരോഗമിച്ചുവരുന്നു.

(സി) സ്വീകരിച്ചിട്ടുണ്ട്.

സ്കിൽ പാർക്കുകൾ

235 (T*4521) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നൈപുണ്യ വികസനത്തിനായി സ്കിൽ പാർക്കുകൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

നൈപുണ്യ വികസനത്തിനായി സ്കിൽ പാർക്കുകൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു :

1. സ്ഥാപനത്തിന് അതതു മേഖലയിൽ 3 വർഷത്തെ പ്രവർത്തിപരിചയം ഉണ്ടായിരിക്കണം.
2. സ്ഥാപനത്തിന് കഴിഞ്ഞ മൂന്ന് വർഷത്തിൽ കുറഞ്ഞത് 5 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിരിക്കണം.
3. അതതു മേഖലയിൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ടാവണം.
4. അതതു മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങണമെന്ന് ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രശസ്തരായ മറ്റു സ്ഥാപനങ്ങളുടെ അംഗീകാരം ഉണ്ടായിരിക്കണം/ അവരുടേതായ അംഗീകാരം നൽകുന്നതിനു കഴിവുണ്ടായിരിക്കണം.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

931/2019

LIBRARY ARCHIVES Kerala Legislative Assembly